പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

14.08.2017-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1751

തലസ്ഥാന നഗരിയിലെ ഗതാഗത തടസ്സം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.മമ്മൂട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തലസ്ഥാന നഗരിയിലെ അട്ടക്കുളങ്ങര മുതൽ കമലേശ്വരം വരെയുള്ള വളരെ തിരക്കേറിയ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഹോട്ടലുകൾ, ജൂസ് കടകൾ, ബേക്കറികൾ എന്നിവയുടെ മുൻ ഭാഗങ്ങളിലായി സ്വകാര്യ വാഹനങ്ങൾ അനധികൃതമായി പാർക്ക് ചെയ്യുന്നതു മൂലം സ്ഥിരമായി ഗതാഗത തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സ്ഥിരമായി ഗതാഗത തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇപ്രകാരം വാഹനങ്ങൾ പാർക്ക് ചെയ്യുന്നവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | ഗതാഗത തടസ്സം ഉണ്ടാകുന്ന വിധത്തിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ സ്റ്റിക്കർ പതിച്ച് തുക ഈടാക്കി വരുന്നതും വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും അപകടം സംഭവിക്കുന്ന വിധത്തിൽ ഗതാഗത തടസ്സമുണ്ടാക്കി പാർക്ക് ചെയ്തിരിക്കുന്ന വാഹന ഉടമകൾക്കെതിരെ സെക്ഷൻ 283 ഐ.പി.സി പ്രകാരവും കേസ്സ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ട്രാഫിക് പോലീസുകാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | (സി) | ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്. |

Bindu

സെക്ഷൻ ഓഫീസർ